(ബി) കോളനിക്കകത്തുള്ള റോഡുകളുടെ നിർമ്മാണം, റോഡുകളുടെ പാർശ്വഭിത്തി സംരക്ഷണം, വിജ്ഞാൻവാടി നിർമ്മാണം അംഗൻവാടി നവീകരണം, കുടിവെള്ള പദ്ധതിക്കായി പൈപ്പ്ലൈൻ നിർമ്മാണം, ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ, വീടുകളുടെ റിപ്പയർ, സ്വയം സഹായ സംരംഭങ്ങൾ തുടങ്ങിയവ.

(സി) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) 31-3-2015-ന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എസ്.സി. വകുപ്പിന്റെ കീഴിൽ പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

248 (4534) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി. വകുപ്പിന്റെ കീഴിൽ പാലക്കാട് ആരംഭിച്ച മെഡിക്കൽ കോളേജ് ഏത് ആക്ടിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ ;

(ബി) ഇതിന് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) കോളേജ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുള്ളത് ; എപ്പോഴാണ് അംഗീകാരം ലഭിച്ചത് എന്നും വ്യക്തമാക്കുമോ ;

(ഡി) എത്ര ജീവനക്കാരാണ് ഇവിടെ ഉള്ളത്; ഏത് ഏജൻസിയാണ് നിയമനം നടത്തിയത്; ഇതിന് പ്രത്യേക ഉത്തരവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഇ) നിയമനം നടത്തിയതിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ ; എങ്കിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും എത്ര പേരെ നിയമിച്ചുവെന്ന വിവരം ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് എന്നാണ് ജീവനക്കാരെ നിയമിച്ചത് എന്നും എന്നുമുതലാണ് ശമ്പളം നൽകിയത് എന്നും വിവരം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) മെഡിക്കൽ കോളേജിന്റെ നടത്തിപ്പിനുവേണ്ടി പട്ടികജാതി വകുപ്പ് എത്ര കോടി രൂപയാണ് കൊടുത്തിട്ടുള്ളത് എന്ന കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ ; ഈ തുക ആരുടെ പേരിലാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത് എന്നും ഏത് ബാങ്കിലാണ് പണം നിക്ഷേപിച്ചത് എന്നും വിവരം ലഭ്യമാക്കുമോ ; പട്ടികജാതി എസ്.സി.പി. ഫണ്ടിന് പുറമേ സ്ഥാപനത്തിന് ബഡ്ജറ്ററി സപ്പോർട്ടായി എന്ത് തുക ലഭ്യമായി എന്നും ഏത് വർഷമാണ് ഈ തുക ലഭ്യമായത് എന്നും വിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് - 1955 പ്രകാരമാണ് മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്.

(ബി) ഇപ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മെഡിക്കൽ കോളേജ് രൂപീകരണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്; 15-7-2014-ൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള അംഗീകാരം പുറപ്പെടുവിച്ചു.

(ഡി) 1-11-2014 - ൽ 133 ജീവനക്കാരുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം സ്പെഷ്യൽ ഓഫീസർ ആണ് നിയമനം നടത്തിയത്.

(ഇ) ഉണ്ട്. പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും 47 പേരെ നിയമിച്ചിട്ടുണ്ട്. നോൺ ടീച്ചിംഗ് വിഭാഗത്തിൽ എസ്.സി./എസ്.ടി. ക്കായി 75% സംവരണം നീക്കിവെച്ചിട്ടുണ്ട്. ടീച്ചിംഗ് വിഭാഗത്തിൽനിന്നും നിയമിക്കപ്പെട്ടവരിൽ 10% ൽ അധികം പേർ സംവരണ വിഭാഗത്തിൽപ്പെട്ടവരാണ്.

(എഫ്) 2014 ഫെബ്രുവരി മുതൽ ഉദ്യോഗാർത്ഥികളുടെ ലഭ്യതക്കനുസരിച്ച് ടീച്ചിംഗ് വിഭാഗത്തിൽ നിയമനം നടത്തുകയും നോൺ-ടീച്ചിംഗ് വിഭാഗത്തിൽ 2014 മേയ് മാസം മുതൽ നിയമനം നടത്തുകയും ശമ്പളം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 2012-13-ന് 46.73 കോടി രൂപയും 2013-14 -ൽ 55 കോടി രൂപയും പട്ടികജാതി വികസനവകുപ്പ് സ്പെഷ്യൽ ഓഫീസറുടെയും പട്ടികജാതി വികസന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പ് ഡയറക്ടറുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിൽ തുടങ്ങിയിട്ടുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. എസ്.എസ്.പി. ഫണ്ടിനു പുറമെ മറ്റു തുകകളൊന്നും ലഭിച്ചിട്ടില്ല.

കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശ്യം

249 (4535) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കുറവ സമുദായത്തിലെ കുട്ടികൾക്ക് കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പട്ടികജാതിയിൽ ഒരു കുട്ടി ഉൾപ്പെടുന്നുവെന്ന് നിശ്ചയിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) നിലവിലെ സാഹചര്യത്തിൽ കുറവ സമുദായത്തിൽപ്പെട്ട കുട്ടികളെയും രക്ഷിതാക്കളെയും ഓഫീസിൽ വിളിച്ചുവരുത്തി അവരുടെ പാരമ്പര്യ തൊഴിലിനെ കുറിച്ചും മറ്റും ബുദ്ധിമുട്ടിക്കുന്ന ചോദ്യങ്ങൾ ചോദിക്കുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട മാതാപിതാക്കൾ കുലത്തൊഴിലല്ലാത്ത ജോലികൾ ചെയ്താൽ മക്കളെ പട്ടികജാതിയിൽ ഉൾപ്പെടുത്തരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കുറവ സമുദായത്തിലെ കുട്ടികൾക്ക് കിർത്താഡ്സ് പോലുള്ള സ്ഥാപനങ്ങളിൽ നിന്നും ബുദ്ധിമുട്ടുകൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അയിത്താചരണത്തിന്റെ അനന്തര ഫലമായി ഉളവായിട്ടുള്ള അവശതകൾ കണക്കിലെടുത്താണ് ഒരു ജാതിയെ പട്ടികജാതി പട്ടികയിലുൾപ്പെടുത്തുന്നത്. ഒരു വ്യക്തി പട്ടികജാതിയിൽ ഉൾപ്പെടുന്നത് പ്രസ്തുത വ്യക്തി ടി സമുദായത്തിൽ ഉൾപ്പെടുന്നുവെന്ന ക്ഷമതയുള്ള ഉദ്യോഗസ്ഥന്റെ (ബന്ധപ്പെട്ട തഹസീൽദാർ) സമുദായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. വ്യക്തിയേയും, കുടുംബത്തേയും സംബന്ധിച്ച പ്രാദേശികാന്വേഷണം നടത്തിയാണ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നത്. സംശയമുള്ള കേസ്സുകളിൽ

LIBRARY ARCHIVES Kerala Legislative Assembly